SUPERVISORY DEVELOPMENT CENTRE
*Department of Technical Education*
Kalamassery – 683 104.
www.sdcentre.org
Email id: sdckalamassery@gmail.com
Phone : 0484 2556530

GOVERNMENT OF KERALA

---

## വ്യവസായശാലകളിൽ സേഫ്റ്റി ഓഫീസറാകാൻ

വ്യവസായ നിർമ്മാണ മേഖലകളിൽ സുരക്ഷയ്ക്ക് വലിയ പ്രാധാന്യം നൽകുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്.കാര്യക്ഷമതയുടെ മുഖ്യ സൂചകമായും വ്യവസായശാലകളുടേ സുരക്ഷാ സംവിധാനത്തെ കാണുന്നു.തൊഴിലാളികളുടെയും മറ്റുള്ളവരുടേയും സുരക്ഷ്ക്ക് പുറമെ യന്ത്രോപകരണങ്ങൾ,പരിസ്ഥിതി എന്നിവയുടെ സുരക്ഷയും പ്രാധാന്യം അർഹിക്കുന്നു.പെട്രോളിയം ഉൽപ്പന്നങ്ങൾ ,രാസപദാർതഥങ്ങൾ തുടങ്ങിയ അപകടകാരികളായ് വസ്തുക്കൾ വഹിച്ചുകൊണ്ടു പോകുമ്പോഴും സുരക്ഷാ ക്രമീകരണങ്ങൾ ആവശ്യമാണ്.ഇവയെല്ലാം സംബന്ധിക്കുന്ന കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള ഒരു വർഷത്തെ (രണ്ട് സെമെസ്റ്റർ) പ്രോഗ്രാം ആണ് അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ഇൻഡ്സ്ട്രിയൽ സേഫ്റ്റി എഞ്ചിനീയറിങ്.ഫയർ എഞ്ചിനീയറിങ് സേഫ്റ്റി എഞ്ചിനീയറിങ് ഇലക്ട്രിക്കൽ സേഫ്റ്റി,കെമിക്കൽ സേഫ്റ്റി തുടങ്ങിയ ഒൻപത് തിയറി പേപ്പറുകൾക്ക് പുറമെ സെമിനാറുകൾ,പ്രോജെക്ട് വ്യവസായശാലാ സന്ദർശനം,ലാബുകൾ എന്നിവ ഈ കോഴ്സിൻെറ ഭാഗമാണ്.റിഫൈനറി,കുസാറ്റ്,എഫ്.എ.സി.റ്റി,ഹിൻഡാൽകൊ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നുള്ള പ്രഗത്ഭരാണ് ക്ലാസുകളെടുക്കുന്നത് സാങ്കേതിക വിദ്യാഭ്യാസ പരീക്ഷാ കൺ ട്രോളറാണ് പരീക്ഷ നടത്തി സർട്ടിഫിക്കറ്റുകൾ നൽകുന്നത്.

കേരള ഫാക്ടറീസ് റൂൾ പ്രകാരം വ്യവസായശാലകളിൽ നിയമപരമായി നിയമിക്കേണ്ട സേഫ്റ്റി ഓഫീസർ തസ്തികയുടെ യോഗ്യതയാണ് ഇൻഡ്സ്ട്രിയൽ സേഫ്റ്റി എഞ്ചിനീയറിംഗിലുള്ള ഡിപ്ലോമ.കേരളത്തിലീ പ്രോഗ്രാം നടത്തുന്ന ഏക സ്ഥാപനമാണ് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള കളമശേരിയിലെ സൂപ്പർവൈസറി ഡവലപ്പ്മെൻറ് സെൻറർ.സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽനിന്നും ലഭിച്ച ബി.ടെക്/ബി.ഇ, പോളിടെക്നിക് ഡിപ്ലോമ,ബി.എസ്സ്.സി(ഫിസിക്സ്/കെമിസ്ട്രി)എന്നിവയാണ് പ്രവേശനത്തിനുള്ള യോഗ്യത.ഇവ യഥാക്രമം20:20:10 എന്ന അനുപാതത്തിൽ ആകെ 50 സീറ്റുകളാണുള്ളത്.സ്വാശ്രയാടിസ്ഥാനത്തിൽ നടത്തുന്ന കോഴ്സായതിനാൽ ജാതി സംവരണമോ,ഫീസാനുകൂല്യമോ ഉണ്ടായിരിക്കുന്നതല്ല.കുറഞ്ഞത്2 വർഷത്തെ തൊഴിൽ പരിചയമുള്ള ബി.ടെക് ബിരുദധാരികൾ,5 വർഷത്തെ തൊഴിൽ പരിചയമുള്ള ഡിപ്ലോമ/ സയൻസ് ബിരുദധാരികൾ എന്നിവർക്കാണ് പ്രവേശനത്തിന് മുങണന.അവരുടെ അഭാവത്തിൽ മാത്രമേ തൊഴിൽ പരിചയമില്ലാത്തവരെ പരിഗണിക്കുകയുള്ളൂ.എന്നാൽ തൊഴിൽ പരിചയമില്ലാത്ത സയൻസ് ബിരുദക്കാർക്ക് പ്രവേശനം നൽകുന്നതല്ല്.കോഴ്സ് ഫീസായ 42000/– രുപ പ്രവേശന സമയത്ത് ഒറ്റത്തവണയായി അടയ്ക്കണം.പ ന സമയം തിങ്കൾ മുതൽ വെള്ളി വരെ വൈകിട്ട് 6 മുതൽ 8 വരെയാണ്.

കേരളത്തിനകത്തും പുറത്തും വിദേശത്തും ധാരാളം തൊഴിൽ സാദ്ധ്യതകൾ ഉള്ള ഈ കോഴ്സിൻെറ അടുത്ത (2019-20) ബാച്ചിലേയ്ക്കുള്ള പ്രവേശനത്തിനുള്ള അപേക്ഷ ക്ഷണിച്ചിരിക്കുന്നു അപേക്ഷാഫാറവും പ്രൊസ്പെക്ടസും 500/-രുപക്ക് നേരിട്ടും 600/-രുപക്ക് തപാലിലും 2019 ആഗസ്റ്റ് 07 മുതൽ സൂപ്പർവൈസറി ഡവലപ്പ്മെൻറ് സെൻററിൽ നിന്നും ലഭിക്കുന്നതാണ്.**തപാലിൽ വേണ്ടവർ അസിസ്റ്റൻറ് ഡയറക്ടർ സൂപ്പർവൈസറി ഡവലപ്പ്മെൻറ് സെൻറർ,കളമശേരി,എറണാകുളം പിൻ-683104 എന്ന പേരിൽ 600/- രുപയുടെ ഡിമാൻറ് ഡ്രാഫ്റ്റ് എടുത്ത് അതേ വിലാസത്തിലപേക്ഷിക്കേണ്ടതാണ്.പൂരിപ്പിച്ച അപേക്ഷ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം 2019 ആഗസ്റ്റ് 22 അഞ്ച് മണിക്ക് മുൻപായി സീനിയർ ജോയൻറ് ഡയറക്ടർ (ഇ.സി.എസ്), സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, പത്മവിലാസം റോഡ്, തിരുവനന്തപുരം-23 എന്ന വിലാസത്തിൽ ലഭിച്ചിരിക്കണം.**കൂടുതൽ വിവരങ്ങൾക്ക് 0484-2556530 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ,www.sdcentre.org എന്ന വെബ് സൈറ്റ് പരിശോധിക്കുകയോ ചെയ്യേണ്ടതാണ്.യോഗ്യതാ പരീക്ഷയുടെ മാർക്കും സേവന പരിചയവും കണക്കിലെടുത്ത് റാങ്ക് പട്ടിക തയ്യാറാക്കി **2019 ആഗസ്റ്റ് 29** ന് പ്രസിദ്ധീകരിക്കുന്നതും **2019 സെപ്റ്റംബർ രണ്ട്** മുതൽ പ്രവേശനം നടത്തുന്നതും ആയിരിക്കും.

അസിസ്റ്റൻറ് ഡയറക്ടർ